MR. G. NARAYANAN TAMPI (*Secretary to Government*) : Sir, I beg to move for a grant of Rs. 85,398 under Demand XIX—Ayurveda,

Motion No. 549.

MR. VARKALA K. MADHAVAN : Sir, I beg to move that Re. I be reduced from the allotment of Rs. 3,600 for Honorary Director of Ayurveda. The object of this motion is to point out the inefficient administration of the department.

Sir, the present Honorary Director of Ayurveda is a famous Ayurvedic physician, but he is a very poor administrator. We all know how the affairs of the Ayurveda *Oushadha Thottam* stand now. The real facts connected with this Thottam were brought to light with the surprise visit paid there, by the present Chief Secretary. In rural parts, the conditions of the Vaidyasalas are worse. They are merely kept by the vaidians concerned to draw grants. They do not properly serve the needs of the rural population. If proper inspection work were done, they would have been kept in a more efficient condition and therefore my suggestion is that an additional and experienced Ayurvedic Vaidyan appointed to look after this inspection work of the Department. With these words I move the motion for the acceptance of the House.

MR. A. K. KUMARAN VAIDYAN : ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നു. ഇന്ന് തിരുവിതാംകൂറിലെ ആയുർവേദ ഡയറക്ടർ വൈദ്യ സംബന്ധമായി അഗാധപണ്ഡിതനാണെന്നുള്ളതിൽ യാതൊരു സംശയവുമില്ല. എന്നാൽ വൈദ്യവിഷയമായ പാണ്ഡിത്യമല്ലാതെ ഡിപ്പാർട്ടുമെൻറു പരിഷ്ക്കരിക്കുന്ന വിഷയത്തെ സംബന്ധിച്ച് അദ്ദേഹത്തിനു യാതൊരു പരിജ്ഞാനവുമില്ലെന്നാണ് എന്റെ അറിവ്. ആ വക സംഗതികളെ സംബന്ധിച്ച് മനസ്സിലാക്കാൻ സമയമില്ലാതെ, രാപ്പകൽ വിശ്രമമില്ലാതെ ചികിത്സ നടത്തിക്കൊണ്ടിരിക്കുന്നൊരാളാണ് അദ്ദേഹം. അങ്ങനെയുള്ള ഒരാളിനെ ആയുർവേദഡിപ്പാർട്ടുമെൻറിന്റെ മേലധികാരിയായി നിയമിച്ച് അദ്ദേഹത്തിനെക്കൊണ്ട് ഡിപ്പാർട്ടുമെൻറിനെ പരിഷ്ക്കരിക്കണമെന്നു ഗവണ്മെൻറു നിശ്ചയിച്ചതു് ആയുർവേദത്തോടു് ഗവണ്മെൻറു ചെയ്ത ഒരു മഹാ പാപമാണ്. ആയുർവേദത്തെ മുഴുവൻ അലോപ്പതി സംപ്രദായം വിഴുങ്ങിയിരിക്കുന്നതുകൊണ്ടു ഈ രണ്ടു വിധത്തിലുള്ള ചികിത്സാസംപ്രദായങ്ങളും പരിചയമുള്ള ഒരാളായിരിക്കണം ആയുർവേദഡിപ്പാർട്ടുമെൻറിന്റെ മേലദ്ധ്യക്ഷനായിരിക്കേണ്ടതു്. അദ്ദേഹത്തിന്റെ പേഴ്സണൽ അസിസ്റ്റൻറായി വൈദ്യസംബന്ധമായി യാതൊരു പരിചയവുമില്ലാത്ത ഒരു ബിരുദധാരിയെയാണ് നിയമിച്ചിരിക്കുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

MR. T. T. KESAVAN SASTRI : ഇപ്പോൾ അങ്ങനെ ഒരാൾ ഇല്ലെന്നുള്ള വിവരം അറിയാമോ?

MR. A. K. KUMARAN VAIDYAN : ഇപ്പോഴും അങ്ങനെ ഒരാൾ ഉണ്ടെന്നാണ് ഞാൻ മനസ്സിലാക്കിയിരിക്കുന്നത്.

MR. P. S. MUHAMED : അദ്ദേഹം എന്തു പരീക്ഷായോഗ്യതയുള്ള ആളാണ്?

MR. A. K. KUMARAN VAIDYAN : അദ്ദേഹം ഒരു ബീ. എ-ക്കാരനാണ്.

MR. P. S. MUHAMED : വൈദ്യസംബന്ധമായ വല്ല പരീക്ഷകളും അദ്ദേഹം പാസ്സായിട്ടുള്ളതായി അറിയാമോ?

MR. A. K. KUMARAN VAIDYAN : വൈദ്യസംബന്ധമായ പരീക്ഷകളൊന്നും അദ്ദേഹത്തിനില്ലെന്നാണ് തോന്നുന്നത്.

MR. N. NARAYANA KURUP : അതിലേക്ക് ഒരു ആയുർവേദ വൈദ്യൻ വേണമെന്നാണോ പറയുന്നത്.

MR. A. K. KUMARAN VAIDYAN : കൊളത്തേരി ശങ്കരമേനവനെപ്പോലുള്ള ആളുകളായിരുന്നാൽ തരക്കേടില്ല.

MR. M. R. NARAYANA PILLAI : എല്ലായ്പ്പോഴും മി: ശങ്കരമേനവന് ഈ ഡിപ്പാർട്ടുമെൻറ് അദ്ധ്യക്ഷനായിരിക്കാൻ സാധിക്കുമോ?

MR. A. K. KUMARAN VAIDYAN : സാധാരണയായി ഇവിടെ പെൻഷൻ പറ്റിപ്പിരിഞ്ഞ ആളുകളെ ഉദ്യോഗസ്ഥന്മാരായി നിയമിക്കുന്നുണ്ട്. ശങ്കരമേനവൻ അവർകൾക്ക് ഇപ്പോഴും ആരോഗ്യത്തിനു യാതൊരു കുറവും വന്നിട്ടില്ല.

MR. T. C. KESAVA PILLAI : ഈ ഉദ്യോഗത്തിനു ഏതു ജാതിയിൽപ്പെട്ട ആൾ വേണമെന്നാണ് അഭിപ്രായപ്പെടുന്നത്?

MR. A. K. KUMARAN VAIDYAN : യോഗ്യതയുണ്ടെങ്കിൽ ഏതു ജാതിയായാലും തരക്കേടില്ല.

MR. P. S. MUHAMED : ആയുർവേദത്തിലും പരിഷ്കൃതരീതിയിലുള്ള അലോപ്പതിയിലും പാണ്ഡിത്യം സിദ്ധിച്ചിട്ടുള്ള ഡാക്ടർമാർ ഉണ്ടോ?

MR. A. K. KUMARAN VAIDYAN : ധാരാളമുണ്ട്. അതുകൊണ്ട് ആയുർവേദ ഡയറക്ടരുടെ ചികിത്സാസാമർത്ഥ്യത്തേയോ പാരമ്പര്യത്തേയോ പ്രസിദ്ധിയേയോ പറഞ്ഞ് ഇവിടെ ഒന്നുംതന്നെ പ്രസ്താവിക്കണമെന്നു വിചാരിക്കുന്നില്ല.

ഇന്നത്തെ സ്ഥിതിക്ക് ആയുർവേദത്തിന്റേയും അലോപ്പതിയുടേയും ചികിത്സാസംപ്രദായങ്ങളെ ശരിയായി ഗ്രഹണം ചെയ്യാൻ സാധിക്കു

LIBRARY ARCHIVES Kerala Legislative Assembly

മെന്ന തോന്നുന്നില്ല. ഒരു ഡിപ്പാർട്ടുമെൻറു ഭരിക്കുക എന്നുള്ളതു് ശ്രമ സാദ്ധ്യമായ ഒരു കാര്യമാണു്. കാലദേശസ്ഥിതി അനുസരിച്ചു് ഡിപ്പാർ ട്ടുമെൻറിൽ നവീന പദ്ധതികൾ ഏർപ്പെടുത്തേണ്ടിയിരിക്കുന്നതുകൊണ്ടു് അലോപ്പതി ചികിത്സാസംപ്രദായം കൂടി മനസ്സിലാക്കിയിട്ടുള്ള ഒരാൾ തന്നെ ഇതിൻറെ അദ്ധ്യക്ഷനായിരിക്കേണ്ടതാണു്. ഇന്നത്തെ ഡയറക്ടർ അവർകൾക്കു് ആ വക സംഗതികളിൽ പരിജ്ഞാനക്കുറവുള്ളതുകൊണ്ടു് ഇന്നത്തെ പേഴ്സനൽ അസിസ്റ്റൻറു് പറയുന്നതനുസരിച്ചു് കാര്യങ്ങൾ ചെയ്യുക മാത്രമാണു് ഇപ്പോൾ നടന്നുവരുന്നതു്. തിരുവിതാംകൂറിലെ ഓരോ പകുതിയിലും താലൂക്കിലുമുള്ള വൈദ്യശാലകളെ പരിശോധിക്കു ന്നതിനായിപ്പോകുന്ന അവസരങ്ങളിൽ സ്വകൃത്യനിർവഹണത്തിനുതന്നെ അദ്ദേഹം വളരെ വിഷമം അനുഭവിക്കുന്നുണ്ടു്. അദ്ദേഹം വളരെ പ്രശ സ്തനായ ഒരു വൈദ്യനായതുകൊണ്ടു് വൈദ്യശാല പരിശോധനക്കു് ചെ ല്ലുന്ന അവസരത്തിൽ ധാരാളം രോഗികൾ അവിടെ വന്നുചേരുകയും രോഗികളുടെ രോഗപരിശോധന നടത്തുകയുമാണു് അവിടെ ചെയ്യുവരു ന്നതു്. ഈ ദയനീയമായ അവസ്ഥയിൽ ഡിപ്പാർട്ടുമെൻറദ്ധ്യക്ഷൻ എന്ന നിലക്കു് അദ്ദേഹത്തിനു അവിടെ എന്തെങ്കിലും ചെയ്യാൻ സാധി ക്കുകയോ അതിനു തക്ക സമയം ലഭിക്കുകയോ ചെയ്യുകയില്ല. അദ്ദേഹം ചെല്ലുന്ന സ്ഥലങ്ങളിൽ രോഗികളെ ശ്രദ്ധ്കാന്തിയോടുകൂടി നോക്കുന്നുണ്ടു്. ഇപ്പോൾ ഈ ഡിപ്പാർട്ടുമെൻറിൽ ഇങ്ങനെ ഒരു ആണററി ഡയറക്ടർ ഉള്ളതുകൊണ്ടു് ഈ വിഷയത്തിൽ കൂടുതൽ പരിജ്ഞാനമുള്ള വേറൊരാ ളെ കുറേക്കാലത്തേക്കു് അദ്ദേഹത്തിൻറെ ഉപദേഷ്ടാവായി നിയമിച്ചു് ഈ ഡിപ്പാർട്ടുമെൻറിനെ പരിഷ്കരിക്കണമെന്നാണു് എൻറെ അഭി പ്രായം. അദ്ദേഹത്തിൻറെ ചികിത്സാപാടവവും പ്രശസ്തിയും എനിക്കു അറിയാനും കേൾക്കാനുമിടയായിട്ടുണ്ടു്. എന്നാൽ ഗവണ്മെൻറു് ഉദ്ദേശി ക്കുന്നവിധത്തിലുള്ള ഫലം അദ്ദേഹത്തിൽ നിന്നും ലഭിക്കാത്തതു് ഡിപ്പാ ർട്ടുമെൻറു പുനഃസംഘടനത്തിലുള്ള പരിചയക്കുറവുകൊണ്ടാണു്. അതു കൊണ്ടു് അതിനെ പരിഹരിക്കണമെന്നുള്ള അഭിപ്രായത്തോടുകൂടി ഉപ ക്ഷേപത്തെ അനുകൂലിച്ചുകൊള്ളുന്നു.

MR. T. C. KESAVA PILLAI : സർ, ആയുർവേദ ഡിപ്പാർട്ടുമെൻറു് വിളവംകോടു താലൂക്കിലെ കാര്യം അവഗണിച്ചുകളഞ്ഞതിൽ വളരെ സ ങ്കടമുണ്ടു്. കുഴിത്തുറയിൽ ആയുർവേദ ആശുപത്രിയോ അലോപ്പതി ആ ശുപത്രിയോ ഇല്ല. അവിടെ ഒരു ഗവണ്മെൻറു് ആശുപത്രി സ്ഥാപി

LIBRARY ARCHIVES Kerala Legislative Assembly

[Mr. T. C. Kesava Pillai.]

ച്ചതരണമെന്നു് പത്തിരുപതു വർഷങ്ങൾക്കുമുമ്പു മുതൽ ശ്രീമൂലം പ്രജാസഭയിൽ ക്രടെക്രടി നിവേദനങ്ങൾ സമർപ്പിച്ചിട്ടുണ്ടു്. പരസ്പരസഹായസംഘത്തിന്റെ ആഭിമുഖ്യത്തിൽ ഒരു ആശുപത്രി നടത്തിവരികയായിരുന്നു. സംഘം റദ്ദ്ചെയ്തു. വിളവംകോട്ടു സചിവോത്തമ ഷഷ്ട്യബ്ദപൂർത്തി മെമ്മോറിയൽ കമ്മറ്റിക്കാർ ഒരു ആശുപത്രി നടത്തണമെന്നു തീരുമാനിച്ചു. അതിലേക്കു് ആ താലൂക്കിലുള്ളവർ പണം പിരിച്ചു് കെട്ടിടംകെട്ടുകയും സചിവോത്തമ സ്മാരകആശുപത്രി എന്ന പേരോടുകൂടി അതു് നടത്തപ്പെട്ടുകയും ചെയ്തുവരുന്നു. ഇപ്പോൾ കുഴിത്തുറവൈദ്യനു പതിനഞ്ചു് രൂപയാണു് ഗ്രാന്റു് അനുവദിച്ചിട്ടുള്ളതു്. അതിലേക്കു കൂടുതൽ ഗ്രാന്റു അനുവദിച്ചാൽ മാത്രമേ ഗവണ്മെന്റു വക ആശുപത്രിയായി നടത്താൻ സാധിക്കുകയുള്ളു. അതുകൊണ്ടു് ഗവണ്മെന്റിൽ നിന്നു ഭയവായി ആലോചിച്ചു് വളരെക്കാലമായി ഉണ്ടായിട്ടുള്ള സങ്കടത്തിനു വേണ്ട പരിഹാരം ഉണ്ടാക്കിത്തരണമെന്നു് അപേക്ഷിക്കുന്നു. സചിവോത്തമ മെമ്മോറിയൽകാർ കെട്ടിച്ചിട്ടുള്ള ആശുപത്രികെട്ടിടത്തിൽ കുഴിത്തുറ സക്കാർ വൈദ്യനെ ആശുപത്രി നടക്കാൻ ഏർപ്പാടുചെയ്തു കൂടുതൽ ഗ്രാന്റു് അനുവദിച്ചാൽ സങ്കടം തീരുന്നതാണു്.

ഇപ്പോഴത്തെ ആയുർവേദഡയറക്ടർ വൈദ്യസംബന്ധമായി വലിയ വിദ്വാനാണു്. കാറിൽ സഞ്ചരിക്കാൻ സൌകര്യമുള്ളതുകൊണ്ടു് എല്ലാ സ്ഥലങ്ങളിലും അദ്ദേഹം പോകുന്നുണ്ടു്. അദ്ദേഹം പരിശോധനക്കു ചെല്ലുന്ന അവസരത്തിൽ വൈദ്യശാലകളെല്ലാം ശരിക്കു നടക്കുന്നതായി കാണിക്കുന്നുണ്ടു്. അതു് അദ്ദേഹം പരിശോധനക്കു ചെല്ലുന്ന എന്നു അവർ മുൻകൂട്ടി അറിയുന്നതുകൊണ്ടാണോ എന്നറിയുന്നില്ല. ആയുർവേദഡിപ്പാർട്ടുമെന്റിന്റെ ചുമതല ചീഫ് സെക്രട്ടറി അവർകൾക്കാണു്. അദ്ദേഹത്തിന്റെ കീഴിൽ കുറെ സി. ഐ ഡി-കളെ നിയമിച്ചു് ഗ്രാന്റു വൈദ്യന്മാരുടെ സംഗതികളെ പ്രത്യേകം പരിശോധിക്കേണ്ടതാണു്. ഈ വൈദ്യന്മാർക്കു പത്തും പതിനഞ്ചും രൂപ ഗ്രാന്റു് കൊടുക്കുന്നതു് വെറുതെയാണു്. വൈദ്യസംബന്ധമായ യാതൊരു യോഗ്യതയും ഇല്ലാത്തവർക്കാണു് ഈ തുകകൾ കൊടുത്തുവരുന്നതു്. പരമാർത്ഥത്തിൽ അവരെക്കൊണ്ടു് യാതൊരു പ്രയോജനവും പൊതുജനങ്ങൾക്കു സിദ്ധിക്കുന്നില്ല. സി. ഐ ഡി-ക്കാർ പ്രൈവറ്റായി ചെന്നു് അന്വേഷിച്ചാൽ പരമാർത്ഥങ്ങൾ ഗ്രഹിക്കുന്നതിനും സംഗതികൾ നേരേയാക്കുന്നതിനും സാധിക്കുന്നതാണു്. ഈ സംഗതിയിൽ ഗവണ്മെന്റിന്റെ ശ്രദ്ധ പതിയണമെന്നു് അപേക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

MR. P. S. MUHAMED: സർ, ആയുർവേദ ഡിപ്പാർട്ടുമെൻറിന്റെ മേലദ്ധ്യക്ഷൻ വൈദ്യശാസ്ത്രവിഷയത്തിൽ വളരെ പാണ്ഡിത്യമുള്ള ആളാണെന്നും, ദീനാനുകമ്പയുള്ള ഒരു മനുഷ്യനാണെന്നും, വളരെ കീർത്തിമാനാണെന്നും ഇവിടെ പല മെംബർമാരും പ്രസ്താവിച്ചുകഴിഞ്ഞു. ഇതുകൂടാതെ ഗുണമുള്ള ഒരാൾ അദ്ദേഹം ആയിരിക്കുന്ന സ്ഥിതിക്കു ആ സ്ഥാനം അലങ്കരിക്കുന്നതിനു അദ്ദേഹംതന്നെ വേണമെന്നാണു എന്റെ അഭിപ്രായം. അദ്ദേഹത്തിനുള്ള ഏകന്യൂനതയായി പറയുന്നതു ഭരണസാമർത്ഥ്യക്കുറവുണ്ടു എന്നാണു്. മറ്റുവിധത്തിൽ അതു പരിഹരിക്കാൻ കഴിയുമെങ്കിൽ ഇതു വളരെ പ്രശസ്തിയുള്ള ഒരാളെ ആ സ്ഥാനത്തുനിന്നും മാറ്റേണ്ട ആവശ്യമുണ്ടെന്നു എനിക്കു തോന്നുന്നില്ല. അദ്ദേഹത്തെ ഭരണവിഷയത്തിൽ കൂടുതലായി സഹായിക്കുന്നതിനു പ്രയോജനമുള്ള ഒരാളെ അസിസ്റ്റൻറായി നിയമിക്കുകയാണെങ്കിൽ ആ വിഷയത്തിലുള്ള ന്യൂനതകൾ പരിഹരിക്കപ്പെടുന്നതിനു പ്രയാസമൊന്നുമില്ല. ഇന്നു ഇരിക്കുന്നതായ പേഴ്സനൽ അസിസ്റ്റൻറിനെ സംബന്ധിച്ചു് എനിക്കു വലിയ പരിചയമൊന്നുമില്ലാത്തതിനാൽ അദ്ദേഹത്തെപ്പറ്റി ഒന്നും പറയുന്നില്ല.

MR. THAMARAPALLIL KOCHUTHOMMEN: അദ്ദേഹത്തെ ഭരണവിഷയത്തിൽ സഹായിക്കുന്നതിനു ആയുർവേദ ഇൻസ്പെക്ടറന്മാരില്ലേ?

MR. P. S. MUHAMED: ഇൻസ്പെക്ടർമാരുണ്ടു്. അവർക്കു അദ്ദേഹത്തെ ഭരണവിഷയത്തിൽ സഹായിക്കാൻ സാധിക്കും. മി. ടി. സി. കേശവപിള്ള പ്രസ്താവിച്ചതു് ചീഫ് സെക്രട്ടറിയുടെ കീഴിൽ സി. ഐ. ഡി. എർപ്പെടുത്തി അന്വേഷണം നടത്തണമെന്നാണു്. ഞാൻ പറയുന്നതു ഈ സ്ഥാനത്തെങ്കിലും സി. ഐ. ഡി.യുടെ ഉപദ്രവം ഇല്ലാതാക്കിയാൽ കൊള്ളാമെന്നാണു്. മറ്റു വിധത്തിൽ ലഭിക്കാവുന്ന അറിവുകൂടികൊണ്ടു ഈ ഡിപ്പാർട്ടുമെൻറു ഭംഗിയായി നടക്കുന്നുണ്ടോ എന്നു് മനസിലാക്കാൻ കഴിയുന്നതാണു്.

MR. THAMARAPALLIL KOCHUTHOMMEN: സി. ഐ. ഡി. യെ നിയമിക്കുന്നതു് ആയുർവേദ ഇൻസ്പെക്ടർമാരെപ്പറ്റി അന്വേഷിക്കുന്നതിനോ അതല്ലാ വൈദ്യന്മാരുടെ നടപടികൾ അന്വേഷിക്കുന്നതിനോ എന്തിനാണു്?

MR. P. S. MUHAMED: ഈ ഡിപ്പാർട്ടുമെൻറിൽ സി. ഐ. ഡി. യെ ആവശ്യമില്ലാ എന്നു പറയുന്ന എന്നോടു അതു ചോദിക്കേണ്ട ആവശ്യമില്ലാ.

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. S. Muhamed.]

വൈദ്യശാലകൾക്കു ഗ്രാൻറുകൊടുക്കുന്ന സംഗതിയിൽ യോഗ്യത യില്ലാത്തവർക്കു ഗ്രാൻറു കൊടുക്കുന്നു എന്നു പറയുവാൻ നിവൃത്തിയില്ലാ. ഒന്നു രണ്ടു സംഗതികളിൽ ചില മത്സരം വരികയും യോഗ്യതയുള്ളവരും ഇല്ലാത്തവരും അതിലേക്കു ശ്രമിക്കയും ചെയ്തിട്ട് യോഗ്യതയുള്ള ആളിനു തന്നെ കിട്ടിയതായി എനിക്കറിയാം. യോഗ്യതയില്ലാത്തയാൾ വളരെ ഇൻഫ്ളുവെൻസ് ചെയ്യുവെങ്കിലും അയാൾക്കു കിട്ടിയില്ല. അതുകൊണ്ട് ഈ ഉപക്ഷേപത്തെ എതിർക്കുകയാണു ഞാൻ ചെയ്യുന്നത്.

MR. PULIYOOR T. P. VELAYUDHAN PILLAI : ഏറ്റവും ഉത്തമനും യോഗ്യനുമായ ഒരാളിന് ഗ്രാൻറുകൊടുത്തതിൽ അയാൾ അപ്രകാരമുള്ള വനല്ലെന്നു സി. ഐ. ഡി. ക്കാർ റിപ്പോർട്ടു ചെയ്തതിനെ ഗവണ്മെൻറിൽനിന്നും അന്വേഷണം നടത്തി അതിനെ അസ്ഥിരപ്പെടുത്തി യോഗ്യനാണെന്നു തീർച്ച ചെയ്തതു് അറിയാമോ ?

MR. P. S. MUHAMED: ആ സംഗതികളൊന്നും എനിക്കു അറിഞ്ഞു കൂടാ.

MR. N. NARAYANA KURUP: സർ, ഈ ഉപക്ഷേപത്തെ അനുകൂലിക്കണമെന്നോ പ്രതികൂലിക്കണമെന്നോ ഉള്ളതല്ല എന്റെ ഉദ്ദേശം. ഇപ്പോൾ ഇടത്തെ ആയുർവേദഡിപ്പാർട്ടുമെൻറു മേലദ്ധ്യക്ഷൻ വളരെ പ്രാപ്തനും യോഗ്യനുമായ ഒരാളാണെന്നുള്ളതു് ഈ നാട്ടിലുള്ളവർക്കു മാത്രമല്ല വെളിയിലുള്ളവർക്കും അറിയാവുന്ന ഒരു സംഗതിയാണ്. അദ്ദേഹത്തിന്റെ ഭരണനൈപുണ്യം എത്രമാത്രം ഉണ്ടെന്നു ഇതുവരെയുള്ള നടപടികൾകൊണ്ട് നാം കണ്ടുകഴിഞ്ഞു. എന്റെ സ്നേഹിതൻ മി: കുമാരൻ വൈദ്യൻ പറഞ്ഞതുപോലെ അദ്ദേഹത്തെ സഹായിക്കാൻ പേഴ്സനൽ അസിസ്റ്റൻറായി വേറെ ഒരു വൈദ്യൻകൂടി ഉണ്ടായിരുന്നാൽ ഡിപ്പാർട്ടുമെൻറിലെ ഭരണം എങ്ങിനെ നന്നാകുമെന്നു എനിക്കു മനസിലാകുന്നില്ല. ഒരു പക്ഷേ പേഴ്സനൽഅസിസ്റ്റൻറു വൈദ്യനായാൽ ഭരണം നന്നാകുമെന്നും അപ്പോൾ മേലദ്ധ്യക്ഷൻ ശരിയായി ഭരണം നടത്തുമെന്നും ബ. ഏ. ക്കാരൻ പേഴ്സണൽ അസിസ്റ്റൻറായാൽ ഭരണം മോശമാകുമെന്നുമാണ് മി. വൈദ്യന്റെ ജല്പനമെങ്കിൽ ഞാൻ ആ അഭിപ്രായത്തോടു വിയോജിക്കുന്നു

എന്റെ സ്നേഹിതൻ മി. കുമാരൻവൈദ്യൻ പറഞ്ഞതുപോലെ ഡയറക്ടരെ സഹായിക്കാൽ പേഴ്സനൽ അസിസ്റ്റൻറായി ഒരു വൈദ്യനെക്കൂടി നിയമിക്കണമെന്നുവന്നാൽ ഡിപ്പാർട്ടുമെൻറു ഭരണം എങ്ങിനെ നടന്നുപോകുമെന്നു എനിക്കു മനസ്സിലാകുന്നില്ല. പേഴ്സനൽ

LIBRARY ARCHIVES Kerala Legislative Assembly

അസിസ്റ്റന്റായി കറസ്പോൺഡൻസ് നടത്താനുള്ള സാമർത്ഥ്യവും വൈദ്യത്തിൽ പ്രാമാണികതപവുമുള്ള ഒരാളിനെ തിരഞ്ഞെടുക്കുക എന്നുള്ളതു് ഡ്രില്ലും ഡ്രായിങ്ങും പാസായ ഒരാളിനെ കണ്ടുപിടിക്കുന്നതു പോലെയാണു്. വ്യക്തിപരമായി പറയുന്ന പക്ഷം ഇന്നത്തെ പേഴ്സനൽ അസിസ്റ്റന്റു് ഇരിക്കുന്നതുകൊണ്ടു് ഇവിടെ പറഞ്ഞതുപോലെയുള്ള നിരാശക്കു വകയില്ല. തന്റെ പരിചയത്തിൽപെട്ട ഒന്നോ രണ്ടോ വൈദ്യശാലകളെ ഉദ്ദേശിച്ചു, വൈദ്യശാലകളിൽ ഒരലമാരിയും ഏതാനും ചില കുപ്പികളും മാത്രമേ കാണുന്നുള്ളു എന്നു് മി. ടി. സി. കേശവപിള്ള പറയുകയുണ്ടായി. അത്തരത്തിലാണു് തിരുവിതാംകൂറിലെ സകല വൈദ്യശാലകളും എന്നു പറയുന്നതു് അബദ്ധമായിരിക്കും.

MR. M. R. NARAYANA PILLAI : ഇപ്പോഴത്തെ ആയുർവേദകാളേജ് പ്രിൻസിപ്പാൾ എം. എ. പാസായ ഒരാളാണെന്നു മെമ്പക്കറിയാമോ?

MR. N. NARAYANA KURUP : എനിക്കറിയാം. ആയുർവേദകാളേജ് പ്രിൻസിപ്പാളിനെ ഡയറക്ടരാക്കണമെന്നുള്ള അഭിപ്രായമുണ്ടെങ്കിൽ ഞാൻ അതിനു എതിരല്ല.

ഞാൻ കണ്ടിട്ടുള്ള ഏകദേശം പത്തുനൂറു വൈദ്യശാലകളിൽ ശരിക്കു മരുന്നുകളുണ്ടാക്കി അലമാരികളിൽ വച്ചു വൈദ്യന്മാർ ജനങ്ങൾക്കു വൈദ്യസഹായം ചെയ്യുന്നുണ്ടു്.

MR. T. C. KESAVA PILLAI : ഗ്രാന്റു വാങ്ങിക്കുന്ന വൈദ്യശാലകൾ ഇവിടെ എത്രയുണ്ടു് ?

MR. N. NARAYANA KURUP: റിപ്പോർട്ടു നോക്കിയാൽ അറിയാം.

MR. T. C. KESAVA PILLAI : പിന്നെ മെമ്പർ നൂറെന്നു പറഞ്ഞതെങ്ങിനെയാണു്.

MR. N. NARAYANA KURUP : ഞാൻ കണ്ടിട്ടുള്ള വൈദ്യശാലകൾ മുഴുവനും എന്ന അർത്ഥത്തിലാണു് ഞാൻ അതു പറഞ്ഞതു്.

സർ, ഞാൻ ഈ ഉപക്ഷേപത്തെ സംബന്ധിച്ചു് രണ്ടു വാക്കു പറയണമെന്നുദ്ദേശിച്ചതു് ആവർത്തിച്ചാവർത്തിച്ചു പറഞ്ഞു നിരാശയ്ക്കിടയാക്കിയിട്ടുള്ള കുട്ടനാട്ടിലെ വൈദ്യസഹായത്തെപ്പറ്റിയാണു്. കുട്ടനാട്ടിൽ ഗതാഗതസൌകര്യം തീരെയില്ലെന്നും വെള്ളപ്പൊക്കം വന്നാൽ ഒരു വീട്ടിൽനിന്നു മറെറാരുവീട്ടിലേക്കു വാഹനമില്ലാതെ പോകാൻ നിവൃത്തിയില്ലെന്നും, അതുകൊണ്ടു് ഓരോ പകുതിയിലും ഓരോ വൈദ്യശാലകൾ വീതം വേണമെന്നും കുട്ടനാട്ടിലെ ജനങ്ങൾ ആകെ

LIBRARY ARCHIVES Kerala Legislative Assembly

[Mr. N. Narayana Kurup.]

മാനം മുറവിളി കൂട്ടുകയും അവരുടെ ഒരു വലിയ നേതാവും, സ്വദേശി യുമായ ചീഫ് സെക്രട്ടറി അവർകളോട് പല പ്രാവശ്യം അപേക്ഷി ക്കയും ചെയ്തിട്ടും യാതൊരു പ്രയോജനവുമില്ലാതെയാണ് കാണുന്നത്. രണ്ടു മൂന്നു കൊല്ലത്തിനിടയ്ക്ക് ഓരോ പകുതിക്കും ഓരോ വൈദ്യശാ ലകാം സ്ഥാപിച്ചു തരുമെന്നുള്ള ഞങ്ങളുടെ പ്രതീക്ഷയെല്ലാം നിരാശ യിലായി. ജനങ്ങളുടെ സൌകര്യത്തിനും സുഖത്തിനും വൈദ്യസഹാ യത്തിനുമായി ഓരോ പകുതിയിലും ഓരോ വൈദ്യശാല സ്ഥാപിച്ചു ഗ്രാന്റു കൊടുത്തു സഹായിക്കുന്ന പക്ഷം ഗതാഗതസൌകര്യമില്ലാത്ത കുട്ടനാടൻ പ്രദേശങ്ങളിലുള്ളവർക്കു ഒരനുഗ്രഹമായിരിക്കും.

ഇതിനും പുറമെ ചില പ്രത്യേക വൈദ്യശാലകളിൽ വൈദ ഗ്ദ്ധ്യം സമ്പാദിച്ചിട്ടുള്ള പല വൈദ്യന്മാരും പല സ്ഥലത്തും വൈദ്യശാ ലകാം സ്ഥാപിച്ചിട്ടുണ്ട്. ആലപ്പുഴ ഇങ്ങനെയുള്ള സ്ഥാപനങ്ങളും ഒ ന്നോ രണ്ടോ ഉണ്ട്. അവ കളർകോട്ടും ആലപ്പുഴയും ഉള്ള മർമ്മ വൈദ്യശാലകളാണ്. ഇങ്ങനെയുള്ള വൈദ്യശാലകൾക്ക് ഗ്രാന്റു ന ൽകണമെന്നു അവർ ഗവണ്മെൻറിനോട് അപേക്ഷിച്ചിട്ടും യാതൊരു സഹായവും ചെയ്തുകൊടുക്കാത്തതു് പരിതാപകരം തന്നെ. അതി നാൽ പൊതുജനങ്ങൾക്കു പൊതുവെ ഉപകാരപ്രദമായ സ്ഥാപനങ്ങളി ലേക്കു ഗവണ്മെൻറിൽ നിന്നും വേണ്ട ധനസഹായം ചെയ്യണമെന്നുള്ള എന്റെ അഭിപ്രായം ഞാൻ ഇവിടെ രേഖപ്പെടുത്തിക്കൊള്ളുന്നു.

MR. E. E. PANDARATHIL: Sir, I am glad to note that, whatever remarks may have been addressed about the administration of the Department, the Director has been unanimously praised for the place he holds in the world of Ayurveda. Sir, when the Director was entertained in service, when the Honorary Director was called upon to fill the position which he now holds, I do not think that Government or any body expected the gentleman, the shining ornament of the science of Ayurveda, to be a superhuman administrator. I, for, one believe that he was called upon for service with the full knowledge of his limitations, if I may say so, he, perhaps, would be the first person to understand his own limitations. But it may be said in extenuation of his splendid service that his incumbency in the office has been of some use to Ayurveda. In all these years, as pointed out in some of the replies in connection with the interpellations on the Ayurvedic Department, the organisation has shown some improvement. It is noteworthy that new schemes have been submitted to Government and new developments have been made in the matter of treatment. For example, the practice of *Panchakarma* which has drawn much attention has been a recent innovation in the Department. Further, the fact that out of the 1006 and odd people (I am speaking from memory)

LIBRARY ARCHIVES Kerala Legislative Assembly